"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ശ്രീ. ബാലചന്ദ്രന്റെ പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷ - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

സ.ഉ.(സാധാ) നം.2585/2024/LSGD തീയതി, തിരുവനന്തപുരം, 31-12-2024

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20/02/2023 തീയതിയിലെ എസ്1/909/2021/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം. 2044/2024/ത.സ്വ.ഭ.വ, തീയതി, 27/10/2024.

3. സ.ഉ.(സാധാ) നം. 8764/2024/ധന, തീയതി, 26/11/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പ്പിറ്റൽ - കുമാരപുരം - പൂന്തി - വെൺപാലവട്ടം - അണമുഖം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം കക്ഷിയായ ശ്രീ. ബാലചന്ദ്രൻ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,33,967/- രൂപ (എട്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) കത്ത് പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2) മേൽ പരാമർശിച്ച പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,33,967/- രൂപ (എട്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) അപേക്ഷകനായ ശ്രീ. ബാലചന്ദ്രന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 8,34,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി. ഹോസ്പ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നം. 1771/1-4

(എൽ.എ. റീസർവ്വേ 193/14)-ൽ ഉൾപ്പെട്ടതും ശ്രീ. ബാലചന്ദ്രന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.18 ആർസ് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 8,33,967/- രൂപ (എട്ട് ലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. ബാലചന്ദ്രന് (റ്റി.സി.79/2681, പറമ്പിൽ വീട്, വെൺപാലവട്ടം, ആനയറ, തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. ബാലചന്ദ്രൻ (റ്റി.സി.79/2681, പറമ്പിൽ വീട്, വെൺപാലവട്ടം, ആനയറ, തിരുവനന്തപുരം) (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/119/2023-Fin dated 03/12/2024).
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് (ഐ.എ.2/34/2023/തസ്വഭവ).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/197 /2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 31-12-2024 16:04:42
സെക്ഷൻ ഓഫീസർ